9

**ദൈവം**

# ശാസ്ത്രവും ദൈവവും യോജിക്കുന്നുവോ?

ഹാർഡ്‌വേർഡ് യൂണിവേഴ്‌സിറ്റിയിലെ പ്രൊഫസർ ബെഞ്ചമിൻ പിയേഴ്‌സ് പറഞ്ഞതനുസരിച്ചു, "ശാസ്ത്രവും മതവും," "ഒരേ വീട്ടിൽ നിന്നു ജനിക്കയും, ആ വീടു വിഭജിക്കാതിരിക്കയും ചെയ്യുന്നു. അവ തമ്മിൽ സ്പഷ്ടമായ എതിർപ്പുണ്ട്, ഉണ്ടാവുകയും ചെയ്യും;എന്നാൽ അതു മനുഷ്യന്റെ ഉത്ഭവമാണ്, നമ്മുടെ അറിവിന്റെ പോരായ്മയിൽ നിന്നു വന്നതാണ്, അല്ലാതെ അതിന്റെ മാഹാത്മ്യത്തിൽ നിന്നും അല്ല." സമാന്തര രേഖകൾ കൂട്ടിമുട്ടുന്നതു അസാധ്യമെന്നപോലെയാണ് ശരിയായ ശാസ്ത്രവും ശരിയായ മതവും തമ്മിലുണ്ടാകുമെന്നു പറയുന്ന ഏറ്റുമുട്ടൽ. സത്യം അതിൽ തന്നെ വിരുദ്ധമല്ല. ദൈവം സത്യമാകുന്നു. (യോഹന്നാൻ 14:6), ആദ്യത്തെ ശാസ്ത്രജ്ഞൻ ദൈവം ആണ്, "വിശ്വാസത്തിന്റെ നായകനും പൂർത്തി വരുത്തുന്നവനും ദൈവം ആണ്" (എബ്രായർ 12:2).

ബിലെയാമിന്റെ പ്രവചനത്തിലേതു പോലെ, എല്ലാ രീതിയിലും, നിർബന്ധമില്ലാത്തതും, തടയാൻ കഴിയാത്തതുമായ ആശ്ചര്യം: "ശരിയായ സമയത്തു ... ദൈവം എല്ലാം പ്രവർത്തിക്കുന്നു എന്നേ പറയാവൂ!" (സംഖ്യാപുസ്തകം 23:23ബി). യിസ്രായേലിന്റെ സങ്കീർത്തനക്കാരൻ 97:6-ൽ പാടിയത് ആകാശം അതുണ്ടാക്കിയവന്റെ നീതിയെ പ്രസിദ്ധമാക്കുന്നു എന്നാണ്, "പകൽ പകലിനു വാക്കു പൊഴിക്കുന്നു" (സങ്കീർത്തനങ്ങൾ 19:2). മനുഷ്യർക്കുവേണ്ടിയാണ് എല്ലാ വസ്തുക്കളും എല്ലാ നിയമങ്ങളും രൂപപ്പെടുത്തിയത്. ഏറ്റവും വലിയ മനുഷ്യനു പോലും സൃഷ്ടിക്കുവാൻ സാധ്യമല്ല; അവർക്കു ദൈവം ഉണ്ടാക്കിയ ഉപകരണങ്ങൾ ഉപയോഗിക്കുവാനേ കഴിയൂ. "ദൈവത്തിന്റെ വിചാരങ്ങളെ അവനെ അനുകരിച്ചു ചിന്തിക്കാനേ" മനുഷ്യനു കഴിയൂ. കൂടുതൽ ദൈവ

വിചാരങ്ങളെ അറിയുന്തോറും മനുഷ്യൻ കൂടുതൽ അതിശയിക്കും എങ്കിലും അവർ പഠിക്കേണ്ടിയിരിക്കുന്നു. "കാര്യം മറെച്ചു വെക്കുന്നതു ദൈവത്തിന്റെ മഹത്വം, കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്വം" (സദൃശ്യവാക്യങ്ങൾ 25:2).

1903-ൽ ആദ്യത്തെ പ്ലെയിനിൽ പറന്നു പോയ സഹോദരന്മാരായ വിൽബർ, ഒർവിൽ റൈറ്റ് എന്നീ സഹോദരന്മാർ പ്രശംസക്കു യോഗ്യർ തന്നെ; എന്നാൽ വായു സഞ്ചാര വിജ്ഞാനിയം നല്കിയ ദൈവത്തെയാണ് അധികമായി പ്രശംസിക്കേണ്ടത്. വില്യം ഹാർവെയിസിന്റെ (1628) വിതരണ കണ്ടുപിടിത്തം സാർവ്വത്രികമായി പുകഴ്ത്തപ്പെട്ടിട്ടുണ്ട്, എന്നാൽ പ്രാഥമിക പുകഴ്ത്തൽ നല്കേണ്ടതു രക്തപ്രവാഹം ഉണ്ടാക്കിയവനെയാണ്. സങ്കീർത്തനക്കാരൻ പറഞ്ഞു, "ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ; ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു" (സങ്കീർത്തനങ്ങൾ 139:14). പ്രീ, പിന്നെ, സയൻസിനും മതത്തിനും വിയോജിക്കുവാൻ കഴിയുകയില്ല, എന്ന ആശയത്തിനാണ് മുൻതൂക്കം. ശാസ്ത്രത്തിലെ തെറ്റും ദൈവവുമാണ് - കൂട്ടി - മുട്ടുന്നത്, എന്നാൽ സത്യമാണ് വിജയിക്കുന്നത്. ജ്ഞാനം അവളുടെ മക്കളെ നീതീകരിക്കുന്നു.

തെറ്റായ മതം - ഉദാഹരണത്തിനു കോപ്പർ നിക്കസിന്റെയും ഗലീലിയോ ഗലീലി - യോടു ചെയ്തതും റോമിന്റെ പ്രഖ്യാപനവും ചില ശാസ്ത്രജ്ഞന്മാർ മതത്തിനെതിരെ തിരിയുവാൻ കാരണമായി. ഗലീലിയോ കോപ്പർ നിക്കൻ ഹെലിയോ സെൻറിക്കിൽ (സൂര്യനെ കേന്ദ്രീകരിച്ചു) ഉറച്ച വിശ്വാസി ആയിരുന്നു, ആ ലോക വ്യവസ്ഥ നിർദ്ദേശിച്ചത് 1543-ൽ നിക്കോളാസ് കോപ്പർ നിക്കസ് ആയിരുന്നു. റോമിലെ "വിശുദ്ധ ഓഫീസ്" 1616-ൽ കോപ്പർ നിക്കസിനെതിരെ ഒരു കല്പന പുറപ്പെടുവിച്ചു കാരണം ആ തിയറി കത്തോലിക്കാ സഭയുടെ പ്രപഞ്ചവാദികൾ ഭൂമിയെ - ചുറ്റിപറ്റിയുള്ള മനസ്സിലാക്കലിനു എതിരായിരുന്നു. ഗലീലിയോയുടെ പ്രവൃത്തികളെ വിലക്കുകയും, അവനെ ജീവപര്യന്തം തടവിലാക്കുകയും ചെയ്തു. കാരണം ''വെഹിമെന്റ് സസ്പെൻഷൻ ഓഫ് ഹെരെസി," പിന്നീട് ആ തടവു വിട്ടു തടവിലായി മാറി.[1]

അതുപോലെ, തെറ്റായ ശാസ്ത്രജ്ഞർ ചില മതകർത്താക്കളിൽ നിന്നകന്നു പോയി. എങ്ങനെയായാലും ഏതു മേഖലയിലും - സത്യം സത്യം തന്നെ, ദുരഭിമാനവും ശത്രുതയും കൊണ്ടു അതിനെ തടഞ്ഞിട്ടുണ്ട്. "സത്യം അന്വേഷിക്കുക; അത് വരുമ്പോൾ; അതിനുള്ള വില എന്തായാലും," ഡോ. സ്പാരോ പറഞ്ഞു. "സത്യം നിങ്ങൾ അറിയും; സത്യം നിങ്ങളെ സ്വതന്ത്രരാക്കും" (യോഹന്നാൻ 8:32). ശാസ്ത്രത്തിലേയും, മതത്തിലേയും സത്യം, മനുഷ്യനെ അജ്ഞതയിൽ നിന്നും അന്ധവിശ്വാസത്തിൽ നിന്നും പുറത്തു കൊണ്ടു വരും.

എങ്ങനെയായാലും, മതത്തിൽ സത്യം പറയുന്നതെല്ലാം ക്രിസ്തുവിന്റേതല്ല യോഹന്നാൻ മുന്നറിയിച്ചിരിക്കുന്നു, "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലതും ലോകത്തിലേക്കു പുറപ്പെട്ടിരിക്കയാൽ ഏതു

ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽ നിന്നുള്ള വയോ എന്നു ശോധന ചെയ്വിൻ" (1 യോഹന്നാൻ 4:1). അതുപോലെ പത്രൊസ് പറഞ്ഞു, "എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇട യിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെ ഇടയിലും ദുരുപദേഷ്ടാക്ക ന്മാർ ഉണ്ടാകും; അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ചു തങ്ങളെ വിലക്കു വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞു തങ്ങൾക്കു തന്നേ ശീഘ്ര നാശം വരുത്തും" (2 പൗലൊസ് 2:1). ഒരു മതവിശ്വാസി, ബി.സി. 4004-ൽ ആണ് ദൈവം ഭൂമി സൃഷ്ടിച്ചത് എന്നു അവകാശപ്പെടുന്നതു ആധികാ രികതയില്ലാത്തതാണ്. എന്നാൽ ദൈവം അതു "ആദിയിൽ സൃഷ്ടിച്ചു" എന്നാണ് പറഞ്ഞിരിക്കുന്നത് (ഉല്പത്തി 1:1), അതെപ്പോഴായാലും അതാണ് ശരി.

അതുപോലെ ശാസ്ത്രത്തിലെ സത്യം എന്നറിയപ്പെടുന്നതെല്ലാം സത്യമല്ല. അധികവും ശാസ്ത്രമേ അല്ല എന്നു കണ്ടെത്തുകയുണ്ടായി (വസ്തുതാപരമായ അറിവു), അതു വെറും മാനുഷിക ഭാവന മാത്ര മാണ്. പരപ്രേരണകൂടാതെ ശാസ്ത്രീയമെന്നു വിലയിരുത്തിയ തലമുറ യുടെ കാലമുണ്ടായിരുന്നു. ഒരിക്കൽ കയ്യടി വാങ്ങിയ - ഒരു തിയറ്റ റിലെ വി. ജെ. ഓ ബ്രയൻ പറയുകയുണ്ടായി; "ചേറിൽ നിന്നും ചെളി യിൽ നിന്നും തവളകളും, ഈച്ചകളും, കൊതുകുകളും; ഞണ്ടുകളിൽ നിന്നും തേളുകളും ഉണ്ടാകുന്നു." "ജ്ഞാനം" ലഭിച്ച "ബൈബിളിലെ സൃഷ്ടി ജീവിതം," അല്ലാതെ വിശ്വസിക്കരുതെന്നു പഠിപ്പിച്ച ക്രിസ്ത്യാനി ആ ശാസ്ത്രാഭ്യാസം സ്വീകരിച്ചാൽ ആ ക്രിസ്ത്യാനിക്കു കർത്താവി നോടുള്ള ഭക്തിയെ നാം എന്തു വിചാരിക്കും? അത്തരം ഉണ്ടാക്കപ്പെട്ട "ശാസ്ത്രത്തെ സ്വീകരിച്ചാൽ" - ക്രിസ്തു അതിനോടു യോജിക്കുന്നു എങ്കിൽ ക്രിസ്തുവിനെ കൈക്കൊള്ളും; അല്ലെങ്കിൽ അയാൾ ക്രിസ്തു വിനെ തള്ളികളയും. അതിൽ തന്നെ പുറകിലേക്കു പോകുന്ന വിശ്വാസ മില്ലാത്ത "സ്വീകരിച്ച ശാസ്ത്രത്തെ" എടുക്കുന്നത് എത്ര ലജ്ജാകരമാണ്!

ശാസ്ത്രം പുറകിലേക്കു പോയിരുന്നു. പരപ്രേരണ കൂടാതെയുള്ള തലമുറയും തള്ളപ്പെട്ടു തങ്ങൾക്കു തെറ്റുപറ്റി എന്നു ശാസ്ത്രജ്ഞർ സമ്മ തിച്ചു. ചിലർക്കു, അതു - നേരിട്ടത് അവരുടെ പ്രത്യാശയെ ഇല്ലാതാക്കി എങ്കിലും, അവർക്ക് അങ്ങനെ ചെയ്യേണ്ടിവന്നു. തോമസ് എച്ച്. ഹ ക്സലേ എഴുതി, "ജീവനിൽ നിന്നു മാത്രമെ ജീവൻ വരികയുള്ളു എന്നതു വിജയകരമായി". ആ ശാസ്ത്രിയ തെറ്റ് അവർ നിഷേധിച്ചില്ല, കാരണം ബൈബിൾ പഠിപ്പിക്കുന്നത് എല്ലാ ജീവനും വരുന്നത് "നാം ഇരിക്കയും ചരിക്കയും ജീവിക്കയും ചെയ്യുന്നതു" ദൈവത്തിൽ നിന്നുള്ള ജീവൻ കൊണ്ടാണ് (പ്രവൃത്തികൾ 17:28), അതു പ്രകൃതി തെളിയിക്കു ന്നതാണ്. സകല സത്യത്തിന്റെയും ഉറവിടമായ, സൃഷ്ടിയുടെ കർത്താവും, നമ്മുടെ സഹോദരനുമായ തികഞ്ഞ ക്രിസ്തുവിലാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. ഇന്ന് "സ്വീകരിക്കപ്പെട്ട ശാസ്ത്രം" ക്രിസ്തുവിനു എതിരാണെങ്കിലും, ഭക്തിയുള്ള ശിഷ്യനു കുലുക്കമു ണ്ടാകയില്ല. കാരണം അതു മുൻപും ഉണ്ടായിട്ടുണ്ട്, എന്നാൽ ക്രിസ്തു "ഇന്നലെയും ഇന്നും എന്നേക്കും ഉള്ളവൻ അത്രേ" (എബ്രായർ 13:8).

ദൈവമില്ലാത്ത സൈമൺ ഡി ലാപ്ലെയിസ് (1749–1827) ഉല്പത്തി പുസ്തകത്തിലെ സത്യത്തെ നിഷേധിക്കുകയും പകരം അയാളുടെ "ഹൈപ്പോത്തെസിസ്" സൃഷ്ടിയെ സംബന്ധിച്ചു പഠിപ്പിച്ചപ്പോൾ, അനേകർ കലക്കത്തിലായി, കാരണം പല ശാസ്ത്രജ്ഞന്മാരും പ്രകൃതിയോടൊപ്പം നടന്നതു പോലെ ദൈവത്തോടൊപ്പം നടക്കില്ല ... അവർ ദിവസവും മാനുഷിക പുസ്തകങ്ങൾ വായിക്കുന്നതുപോലെ ബൈബിൾ വായിച്ചില്ല, അങ്ങനെ ആ പുതിയ ഉപദേശത്തിനിരയായിതീർന്നു. ജ്യോതിശാസ്ത്രത്തെ മാത്രമല്ല, എന്നാൽ ഭൂഗർഭശാസ്ത്രവും ബാധിക്കപ്പെട്ടു "നൂറു വർഷക്കാലത്തേക്കു അതു ഗൗരവമായി ചോദ്യം ചെയ്യപ്പെട്ടില്ല," എന്ന് ഡബ്ലിയു. ഹെറിങ്ങ് പറഞ്ഞു. അതുപോലെ വിനയമുളള ബൈബിൾ വിശ്വാസികൾ അസ്വസ്ഥരായില്ല, കാരണം അവരുടെ വിശ്വാസം "മാനുഷജ്ഞാനത്തിലല്ല, ദൈവ ശക്തിയുടെ അടിസ്ഥാനത്തിൽ ആയിരുന്നു" (1 കൊരിന്ത്യർ 2:5).

ജ്യോതിഷം ഒരിക്കൽ "ശാസ്ത്രീയം" എന്നു വിശേഷിപ്പിച്ചിരിന്നു. ആകാശങ്ങളെക്കുറിച്ചു വ്യാഖ്യാനിക്കുവാൻ ഓരോ കോടതിയിലും വ്യാഖ്യാതാക്കളെ നിയമിച്ചിരിക്കുന്നു. റോളിൻ റ്റി ചേമ്പർലെയിൻ വിവരിച്ചത് ആൽബ്രെറ്റ് വാലെൻസ്റ്റെയിൻ, ബൊഹെമെൻ ഫീൽഡ്മാർഷലായി ആർമിയിൽ മുപ്പതുവർഷത്തെ യുദ്ധത്തിൽ "കൂടെ കൊണ്ടു നടന്ന ജ്യോതിഷക്കാരനെ വിശ്വസിച്ചിരുന്നു" ജോഹനസ് കെപ്ലർ, സമ്മതനായ ജ്യോതിശാസ്ത്രജ്ഞൻ, വാലെൻ സ്റ്റെയിന്നു ജാതകം ഉണ്ടാക്കി കൊടുത്തു. ഹെറിങ്ങ് പറഞ്ഞു, എങ്ങനെയായാലും, ഈ ജാതകം ജനറൽ കൊല്ലപ്പെടുന്നതു, ഏഗറിൽ വെച്ചു 1634–ൽ സംഭവിച്ചത് മുന്നറിയിക്കുവാൻ കഴിഞ്ഞില്ല എന്നതു സ്പഷ്ടമാണ്.

പലപ്പോഴും ശാസ്ത്രത്തിലെ തെറ്റായ ആശയങ്ങൾ മാത്രമല്ല, അതുപോലെ, ബൈബിൾ പഠിക്കുന്നതിനെക്കുറിച്ചുളള തെറ്റായ ധാരണകളും പുറത്തേക്കുളളതായി വന്നിട്ടുണ്ട്. ഒന്നാം നൂറ്റാണ്ടിൽ ലോകം അവസാനിക്കും എന്നു ചിലർ വിചാരിച്ചപ്പോൾ, പുതിയ നിയമ ഉപദേഷ്ടാക്കന്മാർ പറഞ്ഞതിനെ അവർ തെറ്റായി എടുക്കുകയായിരുന്നു, അങ്ങനെ പുതിയ നിയമ എഴുത്തുകാർ പറഞ്ഞതല്ല തെറ്റിയത് പലരും, ലോകം ഏ.ഡി. 1000–ൽ അവസാനിക്കും എന്നു വിചാരിച്ചപ്പോൾ, അവർ പെട്ടെന്നു സ്വയം - പ്രതിവാദിക്കയും - ബൈബിൾ പഠിപ്പിച്ചതു അറിയാതിരിക്കുകയും ചെയ്തു. വില്യം മില്ലേഴ്സിന്റെ അനുയായികൾ 1843–ൽ, അവരുടെ ആരോഹണ വസ്ത്രം പോലും ധരിക്കയുണ്ടായി. അവർ ദൈവ പരിണാമത്തിൽ വിശ്വസിച്ചവരെ പോലെ ആത്മാർത്ഥതയുളളവർ ആയിരുന്നു. പരിണാമ സിദ്ധാന്തക്കാർ പ്രപഞ്ചത്തെ കോട്ടിമറിച്ചതുപോലെ ആ സാഹസികർ ബൈബിളിനെ തെറ്റായി വ്യഖ്യാനിക്കുകയായിരുന്നു.

വാസ്തവത്തിലുളള ശാസ്ത്രത്തിലോ, വാസ്തവത്തിലുളള മതത്തിലോ ഏതിനാണ് പ്രാധാന്യം? ശാസ്ത്രം എന്തു നേട്ടം കൈവരിച്ചാലും, അതു ജീവിതത്തിലെ അന്തിമലക്ഷ്യം ആകുന്നില്ല. ശാസ്ത്രം പരിമിതമാണ്; അതു പ്രകൃതിയെ മാത്രമെ കൈകാര്യം ചെയ്യുന്നുളളു ...

മനുഷ്യനു മൃഗങ്ങളേക്കാൾ പ്രാധാന്യം ഉള്ളതുകൊണ്ട്, പ്രകൃതി ശാസ്ത്രത്തിനു മനുഷ്യന്റെ ആവശ്യങ്ങൾ എല്ലാം നിറവേറ്റുവാൻ സാധ്യമല്ല. ശാസ്ത്രം തെറ്റിക്കുമ്പോഴും, മനുഷ്യന്റെ ആത്മീയാവശ്യങ്ങൾ, ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ നിറവേറ്റുന്നു. ശാസ്ത്രത്തിനു ചെയ്യാൻ കഴിയാത്തതു മതത്തിനു ചെയ്യാൻ കഴിയും. ശാസ്ത്രം മാന്യമാണ്, എന്നാൽ മതം അതിലുമധികമാണ്. ശാസ്ത്രനേട്ടങ്ങളെ നാം "കൗതുകത്തോടെ കൊതിക്കും," എന്നാൽ അതിലും "ശ്രേഷ്ഠമായ വഴി ഉണ്ട്." ശാസ്ത്രത്തിന്റെ തെറ്റിദ്ധാരണ, ഡോ. ഹെന്റി ലിക് പറഞ്ഞു, അതു തന്നെ മതത്തിൽ നിന്നും അകറ്റി; പക്ഷെ ശാസ്ത്രത്തിലെ അധികം ഉൾക്കാഴ്ച്ച തന്നെ വീണ്ടും അതിന്റെ അവസാനത്തെ മനസ്സിലാക്കി തിരിച്ചു പോയി.

> ഭൗതിക ശാസ്ത്രം വലിയ സംഭാവനകൾ തന്നെയാണ് മനുഷ്യർക്കു നല്കിയിട്ടുള്ളത് - ദീർഘകാല ജീവിതം, ഭൗതികമായ വേദനകളിൽ നിന്നും ആശ്വാസപ്രദമായ ജീവിതം, വിവിധവും താല്പര്യങ്ങൾ നിറഞ്ഞതുമായ വസ്തുക്കളും വിദ്യാഭ്യാസാനുഭവങ്ങളും - വ്യക്തികൾ സന്തോഷിക്കുന്നു എന്നതിനുതെളിവില്ലാത്ത, കുടുംബങ്ങൾ യോജിച്ചിരിക്കയും, ഗവൺമെന്റുകളും രാഷ്ട്രീയ സംഘങ്ങളും, യുദ്ധത്തിനു പോകാതെ, കൂടുതൽ ബുദ്ധിയുള്ളവരായി കാണുന്നു.[2]

രണ്ടായിരം വർഷങ്ങൾക്കുശേഷം, സന്തോഷം കൈവരിക്കുന്നത് സ്വയം - ത്യജിക്കലിലും, സ്വയ - ത്യാഗത്തിലും ആണെന്നു മനശാസ്ത്രം പഠിച്ചു. സ്നേഹിതന്മാർ ഉണ്ടാകുവാൻ, ഒരാൾ സ്നേഹിതനാകണം -അതാണ് യേശു എല്ലായ്പ്പോഴും ആവശ്യപ്പെടുന്നത്.

---

കുറിപ്പുകൾ

[1]ദ *1997 ഗ്രോലിയർ മൾട്ടിമീഡിയ എൻസൈക്ലോപീഡിയ*, എസ്.വി. "ഗലീലിയോ," "കോപ്പർ നിക്കസ്." [2]ഹെന്റി സി.ലിങ്ക്, *റിട്ടേൺ ടു റിലീജിയൻ* (ന്യൂയോർക്ക്: മാക്മില്ലൻ കമ്പനി., 1936), 14–15.

© 2009 Truth for Today